# മനുഷ്യൻ-നവീനഗ്രീഗോറിയൻ ചിന്തയിൽ

(പ്രൊഫ. കെ. എം. തരകൻ)

പൗരസ്ത്യ വേദശാസ്ത്രത്തിൽ നിസായിലെ വി. ഗ്രീഗോറിയോസിന്റെ ദർശനത്തിനുള്ള സ്ഥാനം അദ്വിതീയമാണ്. പാശ്ചാത്യ വേദശാസ്ത്രജ്ഞന്മാരിലും അദ്ദേഹത്തിന്റെ ചിന്താധാരകൾ സ്വാധീനം ചെലുത്തിത്തുടങ്ങിയിട്ടുണ്ട്. അവരിൽ കാർഡിനൽ ദാനിയേലു മുന്നിട്ടു നിൽക്കുന്നു; പൗരസ്ത്യ വേദശാസ്ത്രജ്ഞന്മാരിൽ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും; ഇവർ രണ്ടുപേരുടെയും വീക്ഷണങ്ങളെ വിശകലനം ചെയ്തു വിലയിരുത്തുകയാണ്. ആധുനിക പൗരസ്ത്യ ചിന്തകന്മാരെല്ലാം ഗ്രീഗോറിയൻ ദർശനത്തോടുള്ള കടപ്പാട് അംഗീകരിക്കുന്നവരാണ്. ഇന്നു പടിഞ്ഞാറുള്ള ചിന്തകരിൽ ചിലരെങ്കിലും അദ്ദേഹത്തിന്റെ ദർശനത്തെ ഗൗരവമായി പരിഗണിച്ചു തുടങ്ങിയിരിക്കുന്നു. പാശ്ചാത്യ ചിന്തകർ നിസായിലെ ഗ്രീഗോറിയോസിന്റെ ദർശനത്തിനെതിരായി പല ആരോപണങ്ങളും ഉന്നയിച്ചിട്ടുണ്ട്. അദ്ദേഹം ഒറിജന്റെ സിദ്ധാന്തത്തെ കണക്കിലേറെ ഉപജീവിച്ചു പോലും; നിയോപ്ലേറ്റോണിസ്റ്റായിരുന്നു പോലും. അദ്ദേഹത്തിന്റെ സിദ്ധാന്തം സെമി പെലേജിയനിസം മാത്രമാണുപോലും! പാശ്ചാത്യ വേദശാസ്ത്രത്തിന് ഉൾക്കൊള്ളുവാൻ കഴിയാത്ത ആശയങ്ങൾ ഗ്രീഗോറിയോസിന്റെ ദർശനത്തിൽ ഉണ്ടെന്നല്ലേ ഇതു സൂചിപ്പിക്കുന്നത്? പൗരസ്ത്യ വേദശാസ്ത്രത്തിൽ നിസായിലെ ഗ്രീഗോറിയോസിന്റെ ദർശനം എല്ലാക്കാലത്തും ശക്തിധാരയായിത്തന്നെ വർത്തിച്ചിരുന്നു. ഇന്നു കിഴക്കുള്ളവർ മാത്രമല്ല, പടിഞ്ഞാറുള്ളവരും വി. ഗ്രീഗോറിയോസിനെ സമാദരിക്കുവാൻ സന്നദ്ധരായി മുന്നോട്ടു വന്നിരിക്കുന്നു. ഗ്രീഗോറിയൻ ദർശനത്തിന് ഇന്നു പുതിയ വ്യാഖ്യാനം സിദ്ധിച്ചിരിക്കുന്നു, പുതിയ ഭാഷ്യവും. പടിഞ്ഞാറു നവീനഗ്രീഗോറിയൻ ചിന്തയുടെ പ്രമുഖ വക്താവു കാർഡിനൽ ദാനിയേലുവാണ്. കിഴക്ക് അദ്ദേഹത്തിന്റെ ചിന്തയുടെ വിവിധ മാനങ്ങൾ വിശദീകരിക്കുന്നത് പൗലൂസ് മാർ ഗ്രീഗോറിയോസാകുന്നു. നവീന ഗ്രീഗോറിയൻ ചിന്ത ഇന്നൊരു സജീവപ്രസ്ഥാനമാണ്. നിഷേധിക്കാനാവാത്ത യാഥാർത്ഥ്യമാണ്. നവീന ഗ്രീഗോറിയൻ ചിന്തയിലെ മനുഷ്യദർശനമെന്തെന്നു മനസ്സിലാക്കാനാണ് നമ്മുടെ ശ്രമം.

മനുഷ്യനെ സംബന്ധിച്ച മുഖ്യമായ പ്രശ്നം ഒന്നേയുള്ളു. മനുഷ്യനു താൻ ആരെന്ന് അറിയണം. ആത്മജ്ഞാനം തന്നെ മുഖ്യം. ഈ ജ്ഞാനത്തിൽകൂടി മാത്രമേ മനുഷ്യനു സ്വന്തം ഭാവം മനസ്സിലാക്കാനാവൂ. സ്വഭാവമെന്തെന്ന അവബോധത്തിൽ കൂടിയാവും മനുഷ്യൻ സ്വയം സാക്ഷാത്ക്കരിക്കുന്നത്. പ്രധാനം 'നീ നിന്നെത്തന്നെ അറിയുക' എന്നതു തന്നെ. 'നീ ആരാണ്?' അല്ലെങ്കിൽ 'ഞാൻ ആരാണ്?' ഈ അന്വേഷണമാണ് മനുഷ്യദർശനത്തിന്റെ അസ്തിവാരം. ഇതിനു തുടക്കമിട്ടുകൊണ്ടു ബൈബിളിലേക്കു പോവുക. അവിടെ നമുക്കു കാണാം, മനുഷ്യൻ സൃഷ്ടിയാണെന്ന്. മനുഷ്യൻ ദൈവസൃഷ്ടിയാണെന്ന്. ഇതുമാത്രമല്ല മനുഷ്യനെക്കുറിച്ച് അറിയാവുന്നത്, മനുഷ്യനാണ് ഏറ്റവും വിശിഷ്ടസൃഷ്ടി; മനുഷ്യൻ സൃഷ്ടിക്കു നാഥനാണ്, മനുഷ്യൻ സൃഷ്ടിക്കു നാമദായകനാണ്. ഇത്രയും മാത്രം പറഞ്ഞുവെച്ചാൽ മനുഷ്യനെക്കുറിച്ചു ബൈബിളിന്റെ വെളിച്ചത്തിൽ ഒരു പരിധിക്കപ്പുറം ചിന്തിക്കുവാനുണ്ടാകുമായിരുന്നില്ല. എന്നാൽ ഇത്രയുമല്ല പറഞ്ഞിരിക്കുന്നത്. ദൈവം മനുഷ്യനെ സ്വന്ത പ്രതിച്ഛായയിലും സ്വരൂപത്തിലുമാണു സൃഷ്ടിച്ചിരിക്കുന്നത്. എല്ലാ ക്രൈസ്തവ ചിന്താസമ്പ്രദായങ്ങളിലുമെന്നതുപോലെ നവീന ഗ്രീഗോറിയൻ ചിന്തയിലും മനുഷ്യദർശനത്തിന്റെ ആധാരം ഈ വചനമാണ്. ഇതിന്റെ വ്യാഖ്യാനത്തിലും വിശദീകരണത്തിലുമാണു ഗ്രീഗോറിയൻ ചിന്തയുടെ സവിശേഷത.

കാർഡിനൽ ഡാനിയേലുവിന്റെ വിശദീകരണം ശ്രദ്ധിക്കുക: പ്രധാനപ്പെട്ട ആശയങ്ങൾ ഓരോന്നായി പറയുവാൻ ശ്രമിക്കാം:

ആദ്യമായി സൃഷ്ടി എന്ന ആശയം പരിശോധിക്കുക. (1) ഇവിടെ നാം ഗ്രഹിക്കേണ്ടത് മനുഷ്യനുൾപ്പെടെ സർവ്വസൃഷ്ടിയും ദൈവത്തിനു പ്രിയപ്പെട്ടതാണെന്നുള്ളതാണ്. (2) സമസ്ത സൃഷ്ടിയും ശക്തിമയമാക്കുന്നു. ശക്തിയില്ലാതെ സൃഷ്ടിയില്ല; വസ്തുമയ പ്രപഞ്ചം ശക്തിയുടെ ഒരു രൂപം മാത്രമാകുന്നു. (3) വസ്തു തന്മൂലം നികൃഷ്ടമല്ല, വർജ്ജ്യവുമല്ല. (4) പ്രപഞ്ചത്തിൽ ശക്തി വസ്തുവായിരിക്കുന്നു. (5) എന്നാൽ ശക്തിക്കു തരഭേദങ്ങളുണ്ട്. (6) വിശുദ്ധി ഏറുംതോറും വസ്തു കൂടു തൽ പ്രകാശമയമാവുന്നു: (7) വസ്തുമയ പ്രപഞ്ചത്തിന്റെ സ്വാഭാവികമായ പരിണാമം പ്രകാശത്തിൽ നിന്നും പ്രകാശത്തിലേക്കാണ്. (8) മനുഷ്യൻ സൃഷ്ടിയിൽപ്പെട്ടിരിക്കുന്നു. തന്മൂലം ശക്തിമയനും വസ്തുമയനുമാകുന്നു. (9) മനുഷ്യൻ വിശിഷ്ട സൃഷ്ടിയായതിനാൽ അവനിൽ ആത്മാവുണ്ട്, ശരീരവുമുണ്ട്. ഇവ അവനിൽ ബദ്ധരായിരിക്കുന്നു. (10) മനുഷ്യന്റെ സഹജധർമ്മം കൂടുതൽ കൂടുതൽ പ്രഭാപൂർണ്ണനാവുകയെന്നതാണ്. (11) ദൈവം മനുഷ്യനെ ഇല്ലായ്മയിൽ നിന്നാണല്ലോ നിർമ്മിച്ചത്; പ്രപഞ്ചത്തേയും. തന്മൂലം ഇല്ലായ്മയിലേക്കുള്ള ചായ്‌വും മനുഷ്യനിൽ രൂഢമൂലമായിരിക്കുന്നു. (12) മനുഷ്യൻ രണ്ടു പ്രവണതകൾക്കിടയിൽപ്പെട്ടിരിക്കുന്നു; ഒന്ന്, പ്രകാശത്തിലേക്ക്, രണ്ട്, ശൂന്യതയിലേക്ക്. (13) ശൂന്യതയിൽ വിനഷ്ടമാവാതെ, തന്നെയും പ്രപഞ്ചത്തെയും മനുഷ്യൻ പരിപാലിക്കേണ്ടിയിരിക്കുന്നു. എങ്ങനെയാണവൻ ഇതു സാധിക്കുക? (14) ഇവിടെയാണ് മനുഷ്യന്റെ വൈശിഷ്ട്യം. അവൻ ഈശ്വരന്റെ പ്രതിച്ഛായയിലാണല്ലോ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. തന്മൂലം അവൻ ശക്തനാണ്, സ്വതന്ത്രനാണ്. ഈ സ്വാതന്ത്ര്യം മനുഷ്യനു സഹജമാണെങ്കിലും അവനു ദത്തമായിട്ടുള്ളതാണ്. ദൈവകൃപയാണിതു മനുഷ്യനു നൽകിയത്; സംശയമില്ല. തന്മൂലം മനുഷ്യൻ ഈ സ്വാതന്ത്ര്യത്തെ പ്രയോഗത്തിൽ വരുത്തട്ടെ. (15) മനുഷ്യനു സ്വയം ഇതു സാധ്യമല്ല. ദൈവം മനുഷ്യനുവേണ്ടി എല്ലാം ചെയ്തുകൊടുക്കുന്നുമില്ല. അങ്ങനെയെങ്കിൽ മനുഷ്യനു വേണ്ടത് സന്നദ്ധതയാണ്. (16) ഈ സന്നദ്ധതയിൽകൂടി ദൈവകൃപ മനുഷ്യനിലേക്കു പ്രവേശിക്കുന്നു. (17) ഇതിനു കാരണം മനുഷ്യപുത്രൻ തന്നെ, അങ്ങനെ ക്രിസ്തുവിൽ, അരൂപിയിൽ, മനുഷ്യൻ സ്വയം സാക്ഷാത്ക്കരിക്കണം. സൃഷ്ടിയുടെ സാക്ഷാത്ക്കാരത്തിനു ഹേതുഭൂതമായി വർത്തിക്കവേണം. (18) ഇങ്ങനെ മനുഷ്യന്റെ മഹത്തായ ലക്ഷ്യം, സൃഷ്ടിയെ മുഴുവൻ പ്രഭാപൂരിതമാക്കുകയെന്നതുതന്നെ. ഇവിടെയാണ് മനുഷ്യസാക്ഷാത്ക്കാരം.

സാക്ഷാത്ക്കാരത്തിനു ........... ദൈവം മനുഷ്യനെ സ്വന്തം പ്രതിച്ഛായയിലും സ്വരൂപത്തിലും സൃഷ്ടിച്ചു എന്ന വാക്യത്തിന്റെ വിശദീകരണത്തിലാണ് ഇതിന്റെ പൊരുൾ ...............മനുഷ്യൻ സൃഷ്ടിയിൽത്തന്നെ പൂർണ്ണനും ............ ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ അവനിൽ പൂർണ്ണതയുണ്ട്. അതേ സമയം ഈ പൂർണ്ണത .........മാത്രം അവൻ സാക്ഷാത്ക്കരിക്കേണ്ടതുമാണ്. അതിലേക്കാണ് മനുഷ്യന്റെ ഗതി; പ്രയാണം. ആദ്യത്തെ ആദം യുഗാന്ത്യത്തിലെ ആദമിന്റെ മുൻസൂചനയാണ്; അല്ലാതെ തനിസ്വരൂപമല്ല,...........ഛായയാക്കേണ്ടതു കാലത്തിന്റെ തികവിൽത്തന്നെ ..........ആരാണീ ആദം? ആദം വ്യക്തിയല്ല; സമൂഹമാണ്. ........മുഴുവൻ കൂടിയാണ് ദൈവത്തിന്റെ പ്രതിഛായ മനുഷ്യരാശി യുഗാന്ത്യത്തിൽ സാക്ഷാത്ക്കരിക്കണം. ഇതു സാധിക്കുന്നത് ക്രിസ്തുവിലും അരൂപിയിലും കൂടിയാണ്. ഇതിനുള്ള സുനിശ്ചിത മാർഗ്ഗം വി. ബലിയിൽകൂടെയുള്ള യാഗംതന്നെ. സൃഷ്ടിയിൽ ദൈവം മനുഷ്യരാശിയെക്കുറിച്ച് എന്തു വിഭാവനം ചെയ്തുവോ അതിന്റെ സാക്ഷാത്ക്കാരമാണ് പ്രപഞ്ചജീവിത ലക്ഷ്യംതന്നെ. ഈ ..........സൃഷ്ടിയുടെയും അസ്ഥിരസാഫല്യം. സർവ്വസൃഷ്ടിയും അന്ന് സമ്പൂർണ്ണതയിലെത്തിച്ചേരുന്നു. വിഭാവനത്തിനും സാക്ഷാത്ക്കാരത്തിനും മദ്ധ്യത്തിലുള്ള ............കാലം. കാലത്തിൽകൂടിയാണ് ഈ തീർത്ഥാടനം ഈ തീർതഥാടനത്തിൽ മനുഷ്യന്റെ അഗ്നിസ്തംഭം തന്നെയാണ് ക്രിസ്തു.

വിഭാവനത്തിൽനിന്നും സാക്ഷാത്ക്കാരത്തിലേക്കുള്ള പ്രയാണത്തിൽ പരിവർത്തനം അന്തർനിശ്ചിതമാവുന്നു. ഈ യാത്ര ആവശ്യം പുരോഗമന മനോസുഖമാണെങ്കിലും അഭാവത്തിലേക്കുള്ള പ്രവണതയെ അവഗണിക്കാവുന്നതല്ല. തന്മൂലം മനുഷ്യൻ യാത്രാവേളയിൽ പലപ്പോഴും വട്ടം കറങ്ങാനും നട്ടം തിരയാനും ........മനുഷ്യപ്രയത്നങ്ങൾ അങ്ങനെ വിഫലമായിത്തീരും ഈ .........കറങ്ങലിൽ മാത്രം. ശ്രദ്ധ ഉണ്ടെന്ന ചിന്തകൾ .........ആശയത്തേയും മനുഷ്യപ്രയത്നത്തിൽ കൂടി .........സങ്കൽപ്പത്തേയും .......................................യിരുന്നുവെന്ന ചിന്ത സത്യത്തിന് നിരക്കുന്നതല്ല. മനുഷ്യൻ മുന്നേറുകയാണ്. ഈ മുന്നേറ്റത്തിന് ഏറ്റവുമാവശ്യം നന്മയിൽ അടിയുറച്ചു നിന്നുകൊണ്ടുള്ള നീക്കമാവുന്നു. നന്മയെ മനുഷ്യൻ സ്വാംശീകരിക്കണം. ശൂന്യതയിലേക്കുള്ള ആകർഷണത്തെ ചെറുത്തുനിൽക്കുകയും വേണം. മാനുഷീകമായ മുന്നേറ്റത്തെ അസ്തശക്തമാക്കുന്ന പ്രവണതകളിൽ ഏറ്റവും ശക്തമായത് തിന്മയോടുള്ള ആഭിമുഖ്യമാണ്. സ്വാതന്ത്ര്യമെന്ന മഹത്തായ മാനുഷികശക്തി അതുമൂലം വിധ്വംസകമായിത്തീരുന്നു. മുന്നേറ്റം മണൽക്കൂനകളിൽപ്പെട്ട് നിഷ്ഫലമാവുന്നത് ഇതുമൂലമാണ്. മറ്റൊന്ന് സ്വയം കൃതാർത്ഥതയാണ്. അൽപ്പം വിശുദ്ധി നേടിക്കഴിയുമ്പോൾ മാനുഷികമായി ഇതിനപ്പുറമൊന്നും സാധ്യമല്ലെന്ന അവംഭാവം. ഇതു വിപൽക്കാരിയാവുന്നു. വളർച്ചയുടെ ഒരു ഘട്ടത്തിലെത്തി മുരടിച്ചു പോകുന്ന മരങ്ങളുടെ അവസ്ഥയാണിത്. പല വേദശാസ്ത്രജ്ഞന്മാരും, വി. ഐറേനിയസ് പോലും ആദിമപറുദീസയിലേക്കുള്ള തിരിച്ചുപോക്കിനെക്കുറിച്ച് പറഞ്ഞുപോകുന്നു. പോകുന്നത് പഴയ അവസ്ഥയിലേക്കല്ല; അത് വരാനുള്ള അവസ്ഥയുടെ മുൻസൂചന മാത്രമാണല്ലോ. ഗ്രീഗോറിയോസിന് പ്രധാനം പുതിയ ആകാശവും പുതി ഭൂമിയുമാണ്; പറുദീസയല്ല. പറുദീസയെക്കുറിച്ച് മനുഷ്യൻ ബോധവാനാണ്; പക്ഷേ അവന്റെ യാത്ര അങ്ങോട്ടുള്ള മടക്കയാത്രയല്ല. ഇത് മനുഷ്യനെ പുരോഗമനേച്ഛവും പ്രതീക്ഷാഭരിതനും കർമ്മോത്സുകനുമാക്കുന്നു.

മനുഷ്യൻ ജഢവസ്ത്രമണിഞ്ഞവനാണെന്ന് ഗ്രീഗോറിയോസ് പറയുന്നു. ഈ ജഢവസ്ത്രം ആത്മാവിന്റെ മീതെ ചാർത്തിയ ആടയാണെന്നു വ്യാഖ്യാനിച്ചുകൂടാ. ഇത് ആത്മാവിന്റെ തടവറയാണെന്നും പറഞ്ഞുകൂടാ. ആത്മാവിന്റെ സാക്ഷാത്ക്കാരത്തിനു പല ഘട്ടങ്ങളുണ്ട്. ജഢവസ്ത്രത്തിന് പല മടക്കുകളുണ്ട്. ആ സാക്ഷാത്ക്കാരത്തിനായി മഹത്തായ തപസ്സനുഷ്ഠിക്കുമ്പോൾ മടക്കുകൾ ഓരോന്നായി പ്രഭാപൂരിതമാവുന്നു. ഓരോ മടക്കും മരിക്കുകയും ഉയിർക്കുകയും ചെയ്യുന്നു. ഇതൊരു പരിണാമ പ്രക്രിയയാണ്. ഇതിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽവച്ച് തപസ്സ് അവസാനിപ്പിക്കാനും നിവൃത്തിയില്ല. അതങ്ങനെ തുടർന്നുകൊണ്ടേയിരിക്കണം. അഭംഗമായി, അഭംഗുരമായി, എങ്ങനെ–(1) അഭാവത്തിലേക്ക് വലിച്ചിഴയ്ക്കുന്ന മോഹത്തിനെതിരെ ക്രിസ്തുവിൽ പൊരുതുക. (2) ഭേദാഭേദ ചിന്തകൾക്ക് അതീതനാവുക. സർവ്വവും ഏകുമെന്ന അവബോധത്തിലേക്ക് മനസ്സിനെ ഉണർത്തുക. (3) നിസ്സംഗത പാലിക്കുക. (4) നൈർമല്യം നേടുക. മാനുഷ്യകത്തിന്റെ ഐക്യത്തെ അംഗീകരിച്ച്, സഹജീവികളോട് ഒരുമപ്പെട്ട് അവരെ ഉള്ളിൽ സംവഹിച്ചുകൊണ്ട്, ഈശ്വര സവിധത്തിലേക്കെത്തുക. ഇതു സാധിക്കുന്നത് തന്നിലുള്ള ദൈവത്തിന്റെ പ്രതിച്ഛായയെ തെളിച്ചുകൊണ്ടു മാത്രമാണ്. ദൈവത്തിന്റെ ഏറ്റവും തെളിഞ്ഞ പ്രതിഛായയായ ക്രിസ്തുവിൽകൂടി നോക്കി തന്നിലുള്ള ദൈവഛായയെ കണ്ടെത്തുകയാണ് മാനവധർമ്മം. അങ്ങനെ മനുഷ്യൻ സാക്ഷാത്ക്കാരം നേടുന്നു. മനുഷ്യൻ ഒരിക്കലും ദൈവത്തെ സത്തയിൽ അറിയുന്നില്ല. അതേസമയം ദൈവത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായി മറ്റൊരു പ്രഭാപുഞ്ജമായിത്തീരുകയും ചെയ്യും. പക്ഷേ ഇതിനെ നിരന്തരമായ ആന്തരിക സംഘർഷത്തിൽക്കൂടി മാത്രമേ യാഥാർത്ഥ്യമാക്കാനാവൂ. ഈ പ്രക്രിയ അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്നു. പക്ഷം പൂട്ടാതെ പറന്നേ പോരൂ–ഉയരത്തിൽനിന്നും ഉയരത്തിലേക്ക്, ഭൂമിയെ സംവഹിച്ചുകൊണ്ട്.

ദാനിയേലു ഊന്നിപ്പറയുന്നതു മനുഷ്യരാശിയുടെ പുരോഗതിയെയാണ്. തീർത്ഥാടന സഭയെക്കുറിച്ചുള്ള ദർശനമാണ് ദാനിയേലുവിൽ പ്രകടമായിരിക്കുന്നത്. ചരിത്രം, പുരോഗതി, ലക്ഷ്യപ്രാപ്തി, മനുഷ്യരാശിയുടെ അഖണ്ഡത. മാനവഭാഗധേയം എന്നിവയ്ക്കാണ് അദ്ദേഹത്തിന്റെ ദർശനത്തിൽ മുൻതൂക്കം. മനുഷ്യന്റെ വിശുദ്ധിക്കും ദൈവവൽക്കരണത്തിനും അദ്ദേഹം സ്ഥാനം നൽകാതിരിക്കുന്നില്ല. എങ്കിലും പ്രാമുഖ്യം കൽപ്പിക്കുന്നതു പുരോഗതിക്കു തന്നെ.

പൗലൂസ് മാർ ഗ്രീഗോറിയോസ് മനുഷ്യന്റെ സ്വഭാവം അനാവരണം ചെയ്യുന്നതിലാണ് കൂടുതൽ ശ്രദ്ധിച്ചിരിക്കുന്നത്. മനുഷ്യൻ ആരാണ് എന്ന ചോദ്യംതന്നെയാണ് മൗലികം. സത്തയിൽ മനുഷ്യൻ ദുർജ്ഞേയനാണ്. സത്തയിൽ ദൈവം അജ്ഞേയനാണ്; ദൈവം മാത്രമല്ല തന്റെ പ്രതിഛായയിൽ നിർമ്മിക്കപ്പെട്ട മനുഷ്യനും. മനുഷ്യനെ സംബന്ധിച്ചിടത്തോളം മർമ്മപ്രധാനം മനുഷ്യന്റെ സ്വർഗ്ഗാത്മകത തന്നെ. ഇതിൽ ധാർമ്മികതയുണ്ട് അതാണ്

സാക്ഷാൽ നന്മ. ഇതിൽ സ്വാതന്ത്ര്യമുണ്ട്, ഇച്ഛാവ്യാപാരമുണ്ട്. 'Will' എന്നാൽ കേവലം ഇച്ഛ മാത്രമല്ല; സൃഷ്ടിക്കാനുള്ള ശക്തിയാകുന്നു. ദൈവം മനുഷ്യനു നൽകിയത് സൃഷ്ടിക്കാനുള്ള ശക്തിയാണ്. മനുഷ്യനെ മനുഷ്യനാക്കുന്നത് ഈ ശക്തിയാണ്. ഇതിൽ സ്വാഭാവികമായും ഒരു തെരഞ്ഞെടുപ്പ് അന്തർഭവിച്ചിരിക്കുന്നു. മനുഷ്യൻ എന്താണ് സൃഷ്ടിക്കുന്നത്. രചനാത്മകമായതോ സംഹാരാത്മകമായതോ? രചനാത്മകസൃഷ്ടി ഉണ്മയുടെ പൂർത്തീകരണത്തിലേക്കും മറ്റേത് അഭാവത്തിന്റെ ശൂന്യതയിലേക്കും അനുനയിക്കുന്നു. മനുഷ്യൻ ഈശ്വരോപതനാകുന്നതു രചനാത്മകശക്തിയുടെ സ്വതന്ത്രവ്യാപാരം മൂലമാണ്. സ്വതന്ത്ര സ്വർഗ്ഗാത്മക വ്യാപാരം മൂലം മനുഷ്യൻ സ്വയം വിമലമാക്കുന്നു, ഈശ്വരനെ പ്രതിഫലിപ്പിക്കുന്നവനായിത്തീരുന്നു. ഇവിടെ ക്രിസ്തുവിന്റെ പ്രസാദമുണ്ട്, അരൂപിയുടെ വ്യാപാരമുണ്ട്, ദൈവത്തിന്റെ കാരുണ്യമുണ്ട്. ഇവയൊന്നും നിഷേധിക്കാതെ ഒരു കാര്യം ഊന്നിപ്പറയുന്നുണ്ട്. പൗലൂസ് മാർ ഗ്രീഗോറിയോസ്, മനുഷ്യന്റെ സ്വതന്ത്രമായ ആത്മസന്നദ്ധതയിൽ കൂടിയാണ് അവൻ പ്രസാദത്തിനുള്ള അർഹത നേടുന്നത്. പ്രസാദം മനുഷ്യനു നേടാവുന്നതോ ദൈവം മനുഷ്യന് നൽകുന്നതോ എന്നതു വിവാദപരമാവാം. മറ്റൊന്ന് കൃപ മനുഷ്യനിൽ വ്യാപരിക്കുമ്പോഴും അവന്റെ സന്നദ്ധതയാണ് ആ വ്യാപാരത്തെ ഫലപ്രദമാക്കുന്നതെന്നുള്ളതാണ്. മൂന്നാമത്തേത്, മനുഷ്യന്റെ തേജസ്ക്കരണം സംഭവിക്കുന്നതു പൊടുന്നനെ കൃപാപ്രവാഹം മൂലമല്ല, ക്രമേണ ക്രമേണയാണെന്നുള്ളതാണ്. വിശുദ്ധിക്കു തരഭേദമുണ്ട്. അപ്പോൾ തേജസ്ക്കരണം ഒരു പ്രക്രിയയാണ്, പരിണാമ പ്രക്രിയതന്നെ. ഇവിടെയും അഭിപ്രായാന്തരമുണ്ടാവാം. ഇതു പ്രക്രിയയല്ലെങ്കിൽ ധർമ്മശാസ്ത്രവും, മോക്ഷശാസ്ത്രവും, ബലിശാസ്ത്രവും എല്ലാം നിര്യുക്തികമാണ്. ദൈവത്തിന്റെ കൃപ മാത്രം മതിയെങ്കിൽ മനുഷ്യപ്രയത്നങ്ങൾക്കെന്തൊരു പ്രസക്തി? മനുഷ്യസ്വാതന്ത്ര്യത്തിനാണ് നവീന ഗ്രീഗോറിയൻ ദർശനത്തിൽ അഗ്രിമസ്ഥാനം. സൃഷ്ടിയെ അതിന്റെ ആത്യന്തിക ഭാഗധേയം സാക്ഷാത്ക്കരിക്കുന്നതിൽ മനുഷ്യൻ ഈശ്വരന്റെ സഹകാരിയാകുന്നു. 'Synergia' എന്ന വാക്ക് പൗലൂസ് മാർ ഗ്രീഗോറിയോസ് ഉപയോഗിക്കുന്നില്ല. അസൃഷ്ട സൃഷ്ടശക്തികളെക്കുറിച്ചും പരാമർശമില്ല. സ്വാതന്ത്ര്യത്തിലുള്ള സഹകാരിത്വത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ഇച്ഛ സാക്ഷാത്ക്കരിക്കുവാനുള്ള ശക്തി സംഭരിക്കുവാൻ മനുഷ്യൻ വിശുദ്ധനായേ പോരൂ. വിശുദ്ധിക്കും തജ്ജന്യമായ പ്രകാശവൽക്കരണത്തിനും സ്വാതന്ത്ര്യത്തെ സ്വാർത്ഥകമാക്കുവാൻ സാധിക്കുന്നു.

വൈയക്തികതയുടെ അതിപ്രസരത്തിൽനിന്നും ഈ ദർശനം മുക്തമാകുന്നു. ചിന്ത എപ്പോഴും സാമൂഹ്യമാണ്. മനുഷ്യൻ ബാഹ്യലോകത്തിൽനിന്നും പൂർണ്ണമായി വിഘടിച്ചുനിൽക്കാൻ ശ്രമിക്കുമ്പോൾ പോലും തികച്ചും ഏകാകിയാവുക സാധ്യമല്ല. സമൂഹത്തിൽ അവൻ പരിനിഷ്ടനാകുന്നു. ലിംഗഭേദം പോലും അവന് അനുഭവവേദ്യമല്ല. കാരണം ശുദ്ധ മാനുഷ്യകം ലിംഗഭേദകൽപ്പനയ്ക്ക് അതീതമാകുന്നു. മൗലികമായും മനുഷ്യൻ മനുഷ്യരാശിയാണ്. അവൻ വ്യക്തിയും പുരുഷനുമാകുന്നത് അനന്തര ഘട്ടത്തിലാകുന്നു. മനുഷ്യന്റെ പൂർണ്ണത 'pleroma' ക്രിസ്തുവിലാണ് സാർത്ഥമാകുന്നത് ക്രിസ്തുവിലുള്ള ദൈവവൽക്കരണമാണ് മനുഷ്യരാശിയുടെ ലക്ഷ്യം തന്നെ. മനുഷ്യരാശി ആ ലക്ഷ്യത്തിലെത്തുമ്പോൾ തിന്മ വിനഷ്ടമാകും. ക്രിസ്തുവിൽ നിറയുന്ന മനുഷ്യസമൂഹത്തിനും വ്യക്തിക്കും അനുസ്യൂതം നന്മ പ്രവർത്തിക്കുവാൻ കഴിയുന്നു (apatheia). മനുഷ്യനിതു കഴിയുന്നതു മോഹനിമഗ്നനാവുമ്പോഴാണ്. നന്മയുടെ മണ്ഡലം വ്യാപകമാണ്. തന്മൂലം നന്മയാൽ നിറഞ്ഞ വ്യക്തി ലോകപരിത്യാഗിയോ, പരിവ്രാജകനോ ആകണമെന്നില്ല; മോഹബദ്ധമാകാതെ ലോകത്തെ സേവിച്ച് ആദ്ധ്യാത്മികശക്തി വർദ്ധിപ്പിക്കുവാൻ മനുഷ്യൻ ശക്തനാകുന്നു. മനുഷ്യനു സിദ്ധമായ മറ്റൊരു ഗുണവിശേഷം ആർജ്ജവവും നൈർമല്യവും തന്നെ. ദൈവസന്നിധിയിലെത്താൻ മനുഷ്യനെ സഹായിക്കുന്ന ശിശുസഹജമായ നൈർമല്യം നേടുവാൻ മനുഷ്യന് (parresie) കഴിയേണ്ടതാകുന്നു. അങ്ങനെ ദൈവത്തിന്റെ തേജസ്സിനെ സ്വന്തം മുഖത്ത് പ്രതിഫലിപ്പിക്കുവാനുള്ള ശക്തി നേടേണ്ടതുതന്നെയാകുന്നു. അതാണ് 'Thessia' അഥവാ ഭഗവദർശന ശക്തി.

എന്നാൽ ഈ ശക്തികളെ മുഴുവൻ അസ്തശക്തമാക്കുന്ന പ്രവണതയും മനുഷ്യനിലുണ്ട്. അതാണു തിന്മ. തിന്മ, നന്മയുടെ അഭാവംതന്നെയാണ്. തിന്മയ്ക്ക് ഉണ്മയില്ല, അസ്തിത്വം തന്നെയില്ല. അതെസമയം അതൊരു അനുഭവസത്യമാണ്. ഇതിന്റെ ഹേതു മനുഷ്യന്റെ സ്വാതന്ത്ര്യം തന്നെ, ദൈവേഹിതത്തിനെതിരായി മാനുഷിക കർമ്മങ്ങളിൽ നിന്നാണ് തിന്മയുടെ ജനനം. ഇതു മനുഷ്യനോടൊപ്പം ഉളവായതാണ്. മനുഷ്യനു മുമ്പുതന്നെ അപൂർണ്ണതയും അഭാവവുമായി അതു നിലനിന്നു. യുഗാന്ത്യത്തിൽ അത് ഉണ്ടായിരിക്കയില്ല. ഈ തിന്മയെ മനുഷ്യനുതന്നെ നേരിടുവാൻ കഴിയുന്നതല്ല. അവനതു കീഴടക്കുവാനും സാദ്ധ്യമല്ല. ഇതിനു കൃപ അനിവാര്യമാണ്.

ക്രിസ്തുവിൽ അരൂപിയിൽക്കൂടി തിന്മയെ മനുഷ്യൻ കീഴടക്കുന്നു. വിശ്വാസത്തിൽകൂടി, ജ്ഞാനസ്നാനത്തിൽകൂടി, വി. ബലിയിൽകൂടി തിന്മയുമായുള്ള മൽപ്പിടിത്തത്തിലാണു മനുഷ്യൻ സ്വന്തം സ്വാതന്ത്ര്യത്തെ അറിയുക, അനുഭവിക്കുക. തിന്മ ശൂന്യതയാണ്, മരണമാണ്. അതിനെ സംഹരിച്ചുവേണം മനുഷ്യനു മുന്നേറുവാൻ. മനുഷ്യന് ഇതു സാദ്ധ്യമാവുന്നു. സ്വതന്ത്രനായ മനുഷ്യൻ ദൈവവുമായി സഹകരിച്ചു ക്രിസ്തുവിൽ ഏകശരീരമായിത്തീർന്ന് തിന്മയെ കീഴ്പെടുത്തി യുഗാന്ത്യത്തിൽ സൃഷ്ടിയുടെ ലക്ഷ്യം സഫലമാക്കി ഈശ്വരന്റെ സമ്പൂർണ്ണ പ്രതിഛായയാകുമെന്നത് അംഗീകരിക്കുക.

പാശ്ചാത്യ വേദശാസ്ത്രം മനുഷ്യസ്വാതന്ത്ര്യത്തെ വേണ്ടത്ര ഉറപ്പിച്ചു പ്രഖ്യാപിക്കുന്നില്ല. മനുഷ്യസ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണല്ലോ ആദ്യത്തെ പതനത്തിന്റെ ഹേതു. വീണ്ടും മനുഷ്യസ്വാതന്ത്ര്യത്തെത്തന്നെ വേണ്ടതിലധികം ഊന്നിപ്പറയുന്നതിലുള്ള അപകടത്തെക്കുറിച്ചു പടിഞ്ഞാറുള്ളവർ ബോധവാന്മാരാണ്. ഇതുമൂലം മറ്റൊരു അപകടം ഭവിച്ചിരിക്കുന്നു. ദൈവത്തിന്റെ പരമാധികാരത്തെ ഉറപ്പിക്കാനുള്ള ശ്രമത്തിൽ മനുഷ്യനു ദൈവദത്തമായ സ്വാതന്ത്ര്യത്തെ വേണ്ടത്ര ശ്രദ്ധിക്കുവാൻ അധികം പാശ്ചാത്യ വേദശാസ്ത്രജ്ഞന്മാർക്കും കഴിയാതെ പോയിരിക്കുന്നു. അവർ ആവർത്തിച്ചു പറയുന്നതു മനുഷ്യന്റെ പാപത്തെക്കുറിച്ചാണ്. അവന്റെ അപൂർണ്ണതയ്ക്കും ദൗർബല്യത്തിനുമാണ് മുൻതൂക്കം. ദൈവകൃപയിൽ കൂടിയല്ലാതെ മനുഷ്യനു യാതൊന്നും സാദ്ധ്യമല്ലെന്നു വന്നി

രിക്കുന്നു. അവന്റെ സൃഷ്ടിതന്നെ കൃപയാണ്. മഹത്തായ ആ കൃപയുടെ ശക്തി വിസ്മൃതമായിരിക്കുന്നു. പിന്നീടു വന്നെത്തുന്ന കൃപയ്ക്കല്ലാതെ മറ്റൊന്നിനും പാശ്ചാത്യ ചിന്തയിൽ പ്രാധാന്യമില്ല. ഈ വീക്ഷണത്തിന്റെ ഫലമെന്താണ്? പുത്രത്വത്തിന്റെ സ്വാതന്ത്ര്യത്തിനു പകരം, അടിമയ്ക്കുള്ള ആനുകൂല്യം മാത്രമാണ് മനുഷ്യന് അനുവദിച്ചു കിട്ടുക. മനുഷ്യൻ സ്വയം സഹതപിക്കുന്നവനായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അവന്റെ സഹജപ്രേരണ തിന്മയിലേക്കു തന്നെയാണെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യപുരോഗതി എന്ന ആശയം നിഷേധിക്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ സ്ത്രൈണസ്വഭാവിയാണെന്നു വിവരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യമഹത്വത്തിന് അംഗീകാരമില്ലാതെ പോയിരിക്കുന്നു. പടിഞ്ഞാറുള്ള വേദശാസ്ത്രജ്ഞന്മാരിൽ ഷർദ്ദാനിലൊഴിച്ചു മറ്റധികംപേരിലും മനുഷ്യാവസ്ഥ ചിത്രണം ചെയ്യപ്പെട്ടിരിക്കുന്നത് ഇങ്ങനെയാണ്.

നവീന ഗ്രീഗോറിയൻ ചിന്തയിലും മനുഷ്യൻ അപൂർണ്ണനാണ്. അഭാവത്തിന്റെ അടിയൊഴുക്കിൽപ്പെട്ടു കുഴങ്ങുന്നവനാണ്. സ്വന്തം ആന്തരശക്തി ജഡമയമായിരിക്കുന്നുവെന്ന വസ്തുതയെ നേരിടുന്നവനാണ്. മനുഷ്യൻ ബന്ധനസ്ഥനാണ്; അതെപ്പറ്റി ബോധമുള്ളവനുമാണ്. എങ്കിലും നന്മയും മനുഷ്യനിൽ രൂഢമൂലമാണ്. മനുഷ്യസത്ത തിന്മയല്ല, നന്മയാണെന്നതാണ് പ്രധാനം. ആദ്യപതനംമൂലം നന്മയ്ക്കു ക്ഷതം പറ്റിയെന്നുള്ളതു ശരിതന്നെ; വിനഷ്ടമായില്ല. പഴയനിയമത്തിലെ പുണ്യവാന്മാരുടെ പ്രവർത്തനങ്ങളും ക്രൈസ്തവേതരരായ സാത്വികരുടെ പ്രവർത്തനങ്ങളും ഇതു വ്യക്തമാക്കുന്നു. മനുഷ്യന് എക്കാലത്തും സ്വഭാവത്തിൽ ദൈവത്തിലേക്കു തിരിയുവാൻ കഴിയുമായിരുന്നു: പശ്ചാത്താപം തന്നെ അതാണല്ലോ. അപ്പോൾ പിന്നെ ക്രിസ്തു മനുഷ്യരാശിക്ക് എന്താണ് ചെയ്തത്? ഇതു വിശദീകരിക്കുവാൻ പാശ്ചാത്യസങ്കേതങ്ങൾ തന്നെയാണ് ദാനിയേലു ഉപയോഗിക്കുന്നത്. പൗലൂസ് മാർ ഗ്രീഗോറിയോസു പൗരസ്ത്യവേദശാസ്ത്രത്തിലെ പദാവലികളിൽ കൂടിയാണ് ഇതു വ്യക്തമാക്കുന്നത്. ദൈവം മനുഷ്യനായതു മനുഷ്യനെ ഈശ്വരോപമനാക്കാനാണ്. ദൈവത്തിന്റെ മനുഷ്യസങ്കൽപ്പ സീമകളെ ഉൾക്കൊള്ളുന്ന മഹത്തായ പ്രതിച്ഛായയായിരുന്നു ക്രിസ്തു. (ടില്ലിക് ഇതിനു Transparency to God, Image of God എന്നീ ശൈലികൾ ഉപയോഗിക്കുന്നു.) മനുഷ്യന്റെ ഭാഗധേയം ക്രിസ്തുവാണ്. അപ്പോൾ ക്രിസ്തു സാധിക്കുന്നതു മനുഷ്യനെ അവന്റെ ഭാഗധേയത്വ സമ്പൂർണ്ണതയിൽ എത്തിക്കുകയെന്നതാണ്. ഇതാണു ദൈവവൽക്കരണം (dividisation). ക്രിസ്തുവിൽ, അരൂപിയിൽ മനുഷ്യന് ഇതു സാദ്ധ്യമാകുന്നു. ദൈവത്തിന്റെ ലക്ഷ്യം സമസ്ത മാനവരാശിയുടെയും മോക്ഷമാകുന്നു. മോക്ഷത്തിനു ചിലരെയും നാശത്തിനു ചിലരേയും അവിടുന്നു മുൻകൂട്ടി തെരഞ്ഞെടുത്തിട്ടില്ല. ദൈവത്തിൽനിന്നു കരുണയും ശിക്ഷയും പുറപ്പെടും. കാരുണ്യം നന്മയുടെ പോഷണത്തിലും ശിക്ഷ അപൂർണ്ണതയുടെ സംഹാരത്തിലും വ്യാപൃതമായിരിക്കുന്നു. നാശമുണ്ട്, നാശമുള്ളത് അപൂർണ്ണതയാണ്, അഭാവത്തിനാണ്, തിന്മയ്ക്കാണ്. ഇതിന്റെ അർത്ഥം മനുഷ്യന്റെ ഭാവി പ്രത്യാശാനിർഭരമാണെന്നാണ്. സ്വതന്ത്രനായ മനുഷ്യൻ സ്വതന്ത്രനായി ദൈവത്തിലേക്കു തിരിയണം. ക്രിസ്തുവിൽ ദൈവഹിതത്തെ സ്വാംശീകരിക്കണം. അങ്ങനെ മോക്ഷം നേടണം. മനുഷ്യൻ ദൈവത്തിലേക്കു തിരിയുന്നത് ഏകനായല്ല, സമൂഹമായാണ്; മദ്ധ്യസ്ഥനില്ലാതെയല്ല, ക്രിസ്തുവിൽകൂടിയാണ്. തന്മൂലം മനുഷ്യരക്ഷ സുനിശ്ചിതമാകുന്നത് സഭയിൽ കൂടിത്തന്നെ. അപ്പോൾ സഭയിൽ ഉൾപ്പെടാത്തവരുടെ നിലയോ? ദൈവകൃപ അവരിലും നിറഞ്ഞിട്ടുണ്ട്, സൃഷ്ടിയിൽതന്നെ. അവരും, അതിനാൽ, മഹത്തായ ഭാഗധേയത്തിന് അവകാശികളാകുന്നു. ക്രിസ്തു വന്നതു സർവർക്കും വേണ്ടിയാണ്. പ്രപഞ്ചകേന്ദ്രമാണ് ക്രിസ്തു. ലക്ഷ്യവും ക്രിസ്തുതന്നെ. സമസ്ത മനുഷ്യരാശിയേയും അവിടുന്നു മോക്ഷകവാടത്തിലെത്തിക്കുന്നു.

നവീനഗ്രീഗോറിയൻ ദർശനം പാശ്ചാത്യ ദൈവശാസ്ത്രത്തിലെ പ്രബലമായ പല ധാരണകളേയും ചോദ്യം ചെയ്യുന്നു.

(1) Pre-destination: ദൈവത്തിൽ ഭൂതവും ഭാവിയുമില്ല, ശരിതന്നെ, അതിനാൽ യുഗാന്ത്യത്തിലെ സൃഷ്ടിയുടെ ഭാവി തനിക്കറിയാം ശരിതന്നെ. അതെസമയം അവിടുന്നു സൃഷ്ടിയുടെ പൂർത്തീകരണത്തിൽ തന്നോടൊത്തു സഹകരിക്കുവാനുള്ള സ്വാതന്ത്ര്യവും മനുഷ്യനു നൽകിയിട്ടുണ്ട്. Pre destination ഈ സ്വാതന്ത്ര്യത്തിന്റെ നിഷേധമാണ്. Foreknowledge സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നില്ലെന്നതാണ് വസ്തുത. (2) Pre-destination എന്ന ആശയത്തോടൊത്തു പോകുന്നതാണ് തെരഞ്ഞെടുക്കപ്പെട്ടവർക്കുമാത്രം ഒരുക്കപ്പെട്ട മോക്ഷത്തെക്കുറിച്ചുള്ള സങ്കൽപ്പം. നവീനഗ്രീഗോറിയൻ ചിന്തയിൽ സമസ്തസൃഷ്ടിക്കും മോക്ഷം ദത്തമാകുന്നു. (3) ഈ സങ്കൽപ്പം തിന്മയുടെ കാലിക യാഥാർത്ഥ്യത്തെ നിഷേധിക്കുന്നില്ല. കാരണം അന്ത്യത്തിൽ തിന്മ സംഹരിക്കപ്പെടുമെന്നു തീർച്ച. നിത്യനാശമെന്നതു ഭവിക്കുന്നതു തിന്മയ്ക്കാണ്. അഭാവത്തിനും അപൂർണ്ണതയ്ക്കുമാണ്, അല്ലാതെ പ്രത്യേക വ്യക്തികൾക്കോ സമൂഹങ്ങൾക്കോ വംശങ്ങൾക്കോ അല്ല. (4) മനുഷ്യൻ ആദിപതനത്തോടെ, സത്തയിൽതന്നെ തിന്മനിറഞ്ഞവനായി എന്ന സങ്കൽപ്പം ഗ്രീഗോറിയൻ ദർശനം നിരസിക്കുന്നു. ഈ സങ്കൽപ്പം പാശ്ചാത്യചിന്തയിൽ സർവ്വവിധങ്ങളായ മാനുഷിക പാപങ്ങൾക്കും ന്യായീകരണം നൽകുന്നു. ഇതോടൊപ്പം ചിലർ നിത്യനാശത്തിനു വിധിക്കപ്പെട്ടവർ കൂടിയാണെന്ന ചിന്ത ഏതൊരു അക്രമപ്രവർത്തനത്തിനും സാധൂകരണം നിബന്ധിക്കുന്നു. നവീന ഗ്രീഗോറിയൻ ദർശനത്തിൽ മനുഷ്യന്റെ സത്ത തിന്മനിറഞ്ഞതല്ല; തിന്മയിലേക്കുള്ള ചായ്‌വ് അതിനു സഹജമായിത്തീരുകയാണുണ്ടായത്. ഇതിനെതിരെ പൊരുതാൻ മനുഷ്യനു കഴിയുന്നത് അവനു നന്മ കൈമോശം വരാതിരുന്നതിലാണ്. (5) നവീന ഗ്രീഗോറിയൻ ദർശനം മനുഷ്യനെ പ്രകൃത്യാ നന്മയോട് ആഭിമുഖ്യമുള്ളവനായി കാണുന്നു. ഇതു മനുഷ്യമഹത്വത്തെ സമുദ്ഘോഷിക്കുന്നു. (6) നവീന ഗ്രീഗോറിയൻ ദർശനത്തിൽ നന്മയുടെ ലക്ഷ്യം സമസ്ത മനുഷ്യരാശിയുടെയും ദൈവവൽക്കരണമാണ്. ഇതൊരു പ്രക്രിയയാണ്. തന്മൂലം ഇവിടെ 'ഗോഡോ'വിനുവേണ്ടിയുള്ള വൃഥാവിലുള്ള കാത്തിരിപ്പിന്റെ വ്യർത്ഥതയല്ല, തിന്മയുമായുള്ള നിരന്തരമായ മൽപ്പിടുത്തത്തിനാണു പ്രസക്തി. മനുഷ്യന് ഈ വീക്ഷണം അനൽപ്പമായ ആന്തരികശക്തി നൽകുന്നു. സഭയിൽ കൂടിയുള്ള ആദ്ധ്യാത്മിക സാധനയ്ക്ക് അംഗീകാരം നൽകുന്നു. (7) നവീന ഗ്രീഗോറിയൻ ദർശനം ലോകത്തെ അംഗീകരിക്കുന്നു. ഇവിടെ ആത്മാവും ശരീരവും എതിരാളികളല്ല, തിന്മ മോഹാത്തിലാണ്. ജഡവും സൃഷ്ടിയും

അതിൽത്തന്നെ വിശുദ്ധമാണ്. മനുഷ്യശരീരം ആത്മാവിന്റെ ഉടുപ്പോ ക്ഷേത്രമോ മാത്രമല്ല, ഉയിർക്കുമ്പോൾ ശരീരവും ആത്മാവും ചേർന്ന മനുഷ്യൻ ഉദ്ഗ്രഥിതമായ ആദ്ധ്യാത്മിക ദേഹമായിത്തീരുന്നു. (ശിഷ്യർക്കു പ്രത്യക്ഷപ്പെട്ട ഉയിർത്ത ക്രിസ്തുവിനെപ്പോലെ. ഈ സങ്കൽപ്പം മൗലികമായ പ്രവർത്തനങ്ങൾക്കു സാധൂകരണം നൽകുന്നു. ലോകനിഷേധത്തിൽനിന്നും യതിവര്യരെപ്പോലും പിന്തിരിപ്പിക്കുന്നു. (8) നവീന ഗ്രീഗോറിയൻ ദർശനത്തിലെ മനുഷ്യനെ ശാസ്ത്രപുരോഗതി അസ്തവീര്യനാക്കുന്നില്ല, സ്വതന്ത്രനായ മനുഷ്യനു സർവ്വ സൃഷ്ടിയേയും മനുഷ്യവൽക്കരിക്കുവാൻ സാധിക്കുന്നു. (9) ഈ ദർശനത്തിൽ മനുഷ്യൻ ഈശ്വരനാകുന്നുവെന്ന ആരോപണം അർത്ഥശൂന്യമാണ്. ഇത് 'Pantheism' മോ panentheism മോ അല്ല. കാരണം ഇവിടെ മനുഷ്യൻ സൃഷ്ടിതന്നെ. പക്ഷേ അവൻ ദൈവത്തിന്റെ അടിമയല്ല; ദാസനല്ല; ദൈവത്തിനു സമനല്ല; ദൈവമല്ല; ദൈവത്തിന്റെ പുത്രനും സഹകാരിയുമാണ്.

നവീന ഗ്രീഗോറിയൻ ദർശനത്തിനു പാശ്ചാത്യ വേദശാസ്ത്ര ചിന്തകളിൽ പലതിനോടും ശക്തമായ എതിർപ്പാണുള്ളത്. അവ, മനുഷ്യനെ യഹൂദമതത്തിലെന്നതുപോലെ കേവലം അടിമയായി കാണുന്നുവെന്നതിലാണ്. പഴയനിയമത്തിലെ ദൈവസങ്കൽപ്പം മാത്രം മതിയെങ്കിൽ ക്രിസ്തു ജനിച്ചതു വൃഥാവിലാണ്. വി. പൗലൂസിന്റെ ദർശനവും നിഷ്പ്രയോജനമാകുന്നു. ക്രിസ്തുവിൽ എല്ലാ വാതിലുകളും തുറക്കപ്പെട്ടു. മനുഷ്യൻ ദൈവത്തിന്റെ പുത്രനായി; തീർച്ചയായും പഴയ നിയമത്തിലെ ദൈവദർശനം പരമപ്രധാനമാണ്. അതുപോലെ പ്രധാനമാണു വി. പൗലോസിന്റെ ദർശനവും. പൗലോസിന്റെ ദർശനം സാർവ്വലൗകികവും സർവ്വകാലികവുമാണ്. നിസായിലെ ഗ്രീഗോറിയോസ് അന്വേഷിച്ചതു വചനത്തിലെ പദവാക്യഛന്ദോലങ്കാരങ്ങളെയല്ല. വചനം വാഗർത്ഥസംവൃക്തമാണല്ലോ, അതിന്റെ പൊരുളിലാണ്. എന്താണതിന്റെ പൊരുൾ.

"മനുഷ്യാ - നീ സൃഷ്ടിയുടെ മകുടമാണ്. സൃഷ്ടിക്ക് അധിനാഥനാണ്. നീ ദൈവത്തിന്റെ പ്രതിച്ഛായയാണ്.

നീ ചെയ്യേണ്ടതെന്തെന്നോ–

"നീ (നിങ്ങൾ) ക്രിസ്തുവിൽ സ്വയം സാക്ഷാത്ക്കരിക്കുക-അങ്ങനെ അമരത്വം നേടുക."

'മനുഷ്യാ-നീ അഭിശപ്തനല്ല, അനുഗ്രഹീതനാകുന്നു. എന്തെന്നാൽ ക്രസ്തുവിൽ നീ അമരനായിത്തീർന്നിരിക്കുന്നു.'